**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1797** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. വിൻസെന്റ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീമതി ഉമ തോമസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് 75 ശതമാനമായി ഉയർത്താൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് (Gross Enrollment Ratio - GER) 75 ശതമാനമായി ഉയർത്തുക എന്നത് ദീർഘകാല ലക്ഷ്യമായാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ, ഏറ്റവും പുതിയ ഔദ്യോഗിക കണക്കുകൾ പ്രകാരം കേരളത്തിന്റെ GER ഏകദേശം 41.3 ശതമാനം ആണ്. ഇത് ദേശീയ ശരാശരിയായ 28.4 ശതമാനത്തേക്കാൾ വളരെ കൂടുതലാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവേശനശേഷി വർദ്ധിപ്പിക്കൽ, കാലോചിതമായ കരിക്കുലം പരിഷ്കാരങ്ങൾ, പുതിയ കോഴ്സുകൾ ആരംഭിക്കൽ, ഓൺലൈൻ-ഹൈബ്രിഡ് പഠനസംവിധാനങ്ങൾ, പിന്നാക്ക വിഭാഗങ്ങളെ ലക്ഷ്യമിട്ട പിന്തുണാപദ്ധതികൾ, സർവ്വകലാശാലകളിലെയും കോളേജുകളിലെയും വർദ്ധിച്ച പശ്ചാത്തല സൗകര്യങ്ങൾ, വർദ്ധിച്ച ഹോസ്റ്റൽ സൗകര്യങ്ങൾ, എന്നിവയിലൂടെ GER ക്രമേണ ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

**(ബി)** ഉന്നത വിദ്യാഭ്യാസ മേഖലയിൽ പത്ത് ശതമാനം സീറ്റ് വർദ്ധന, പുതിയ കോഴ്സുകൾ, ഗവേഷണ സൗകര്യ വർദ്ധന എന്നിവ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദ വിവരം നൽകാമോ;

**<u>മറുപടി:</u>** ഉണ്ട്. സർവകലാശാല/ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(സി)** ആവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം പി.എസ്.സി. മുഖേനയാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** സർക്കാർ കോളേജുകളിൽ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ PSC വഴിയാണ് നടന്നുവരുന്നത്.

**സെക്ഷൻ ഓഫീസർ**